**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് - ഡി.ഇ.എസ് - ജീവനക്കാര്യം - ജില്ലാ ഓഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണസാമ്പത്തികകാര്യ (ബി) വകുപ്പ്**

സ.ഉ(സാധാ)നം.560/ 18/ പ്ലാനിംഗ്. തിരുവനന്തപുരം, തീയതി, 21/ 11/ 2018 .

---

പരാമർശം:- 1) സർക്കുലർ നം. 11919/ ആർ1/ 2006/ ഉഭപവ തിയ്യതി 14/ 03/ 07.

2) സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ 27/ 10/ 18 തീയതിയിലെ ഇബി(6) 73/ 2018/ ഡിഇഎസ് നമ്പർ കത്ത്.

## <u>ഉത്തരവ്</u>

സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിൽ ജില്ലാ ഓഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിൽ (40500- 85000/- രൂപ ശമ്പള സ്കെയിലിൽ) നിലവിൽ 4 ഒഴിവുകളുണ്ടെന്നും ഫീൽഡ് ഓഫ് ചോയ്സിൽ ഉൾപ്പെട്ടിട്ടുള്ള 4 ഉദ്യോഗസ്ഥരിൽ ഒന്നാമതുള്ള ശ്രീമതി ലീന. വി. 2018 നവംബർ 30 നും രണ്ടാമതുള്ള ശ്രീമതി.വത്സ പൗലോസ്.പി 2019 ഫെബ്രുവരി 28 നുമായി സേവനത്തിൽ നിന്നും വിരമിക്കുന്നവരാണെന്നും ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റ നിയമനം നടത്തുന്നതിന് സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ടി ഉദ്യോഗസ്ഥരുടെ ഹ്രസ്വസേവനകാലം പരിഗണിച്ച് ഇവർക്ക് പ്രൊവിഷണൽ പ്രൊമോഷൻ നൽകുന്നതിന് പരാമർശം രണ്ട് പ്രകാരം സാമ്പത്തികസ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടർ ജനറൽ ശുപാർശ ചെയ്തിരിക്കുന്നു,

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിലെ അഡീഷണൽ ജില്ലാ ഓഫീസർമാരായ ശ്രീമതി ലീന. വി, ശ്രീമതി.വത്സ പൗലോസ്.പി എന്നിവർക്ക് താൽക്കാലിക പ്രൊമോഷന് നിലവിലുള്ള നിരോധനത്തിൽ ഇളവ് വരുത്തി KS&SSR Part II Rule 31 (a) (i) പ്രകാരം ജില്ലാ ഓഫീസർ/റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ/സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ തസ്തികയിൽ (40500- 85000 രൂപ ശമ്പള സ്കെയിലിൽ) താൽക്കാലിക പ്രൊമോഷൻ അനുവദിച്ച് ചുവടെ ചേർക്കും പ്രകാരം നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥന്റെ പേരും നിലവിലെ ഓഫീസും | പ്രൊവിഷണൽ പ്രൊമോഷൻ നൽകി നിയമിക്കേണ്ട ഓഫീസ് |
|---|---|---|
| 1 | ശ്രീമതി.ലീന.വി.<br>അഡീഷണൽ ജില്ലാ ഓഫീസർ (എസ്.ആർ.എസ്)<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസ്, കൊല്ലം | റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (എസ്.ആർ.എസ്), സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടറേറ്റ്, തിരുവനന്തപുരം (ശ്രീ.ജോസ്.പി.ജേക്കബ് വിരമിച്ച ഒഴിവ്) |
| 2 | ശ്രീമതി വത്സ പൗലോസ്.പി, അഡീഷണൽ ജില്ലാ ഓഫീസർ (എസ്.ആർ.എസ്)<br>സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസ്, എറണാകുളം | ജില്ലാ ഓഫീസർ സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ജില്ലാ ഓഫീസ്, ഇടുക്കി (ശ്രീ.തോമസ്.പി.സി. വിരമിച്ച ഒഴിവ്) |

ഗവർണ്ണറുടെ ഉത്തരവിന് പ്രകാരം

**ഷൈനി ജോർജ്**

**അഡീഷണൽ സെക്രട്ടറി**

To

1. ഡയറക്ടർ ജനറൽ, ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, തിരുവനന്തപുരം.
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഡിജിഇഎസ് മുഖേന).
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം/കൊല്ലം/എറണാകുളം/ഇടുക്കി.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ/എ&ഇ), കേരള, തിരുവനന്തപുരം.
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**ഉത്തരവിന് പ്രകാരം,**

പുറത്തെഴുത്ത് നമ്പർ. ഇബി(6)73/2018/ഡിഇഎസ്, തീയതി. 22.11.2018 **സെക്ഷൻ ഓഫീസർ**

ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ടവർക്കായി അറിവിലേയ്ക്കും നടപടിയ്ക്കുമായി നൽകുന്നു.

ഡയറക്ടർ ജനറലിനുവേണ്ടി